**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4026** **28-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും എവിടെയെല്ലാമാണെന്നും വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ 11 സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.<br><br>മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലും നിലമ്പൂർ, തിരൂർ, പെരിന്തൽമണ്ണ ജില്ലാ ആശുപത്രികളിലും തിരൂരങ്ങാടി, പൊന്നാനി, കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രികളിലും മാറഞ്ചേരി, ചുങ്കത്തറ, വളവന്നൂർ എന്നീ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും താനാളൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിലും, ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഒരു വർഷം മുൻപ് പ്രഖ്യാപിച്ച മലപ്പുറം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ; | (ബി) | മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യമില്ലാത്തതിനാൽ ആശുപത്രിയോട് ചേർന്നുള്ള വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം ഏറ്റെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. ആയത് ലഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. സ്ഥലം ലഭ്യമായാൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മലപ്പുറം ജില്ലാ ആസ്ഥാനത്തുള്ള താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം യാഥാർത്ഥ്യമാക്കാൻ കൂടുതൽ ഭൗതിക സൗകര്യങ്ങൾ ആവശ്യമുണ്ടോയെന്നുള്ള വിശദവിവരം നൽകുമോ; | (സി) | മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യമില്ലാത്തതിനാൽ ആശുപത്രിയോട് ചേർന്നുള്ള വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം ഏറ്റെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. ആയത് ലഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. സ്ഥലം ലഭ്യമായാൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ പ്രസ്തുത ആശുപത്രിയിൽ കൂടുതൽ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും ഡയാലിസിസ് കേന്ദ്രം ആരംഭിക്കുവാനും ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | മലപ്പുറം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യമില്ലാത്തതിനാൽ ആശുപത്രിയോട് ചേർന്നുള്ള വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം ഏറ്റെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. ആയത് ലഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. സ്ഥലം ലഭ്യമായാൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ത്വരിത നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ